**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **01-02-2023 - ൽ മറുപടിയ്ക്ക്**

**വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ചിത്രങ്ങൾ അപ് ലോഡ് ചെയ്തത് സംബന്ധിച്ച പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ അയ്യമ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ത്രീകളുടെ ചിത്രങ്ങൾ മൊബൈലിൽ ശേഖരിച്ച് വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ അപ് ലോഡ് ചെയ്തതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത പരാതി എന്നാണ് ലഭിച്ചത്; പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 11.09.2022 തീയതി അയ്യംപുഴ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിരുന്നു. തുടർന്ന് ക്രൈം.നം. 312/2022 U/s 119(b) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി 25.10.2022 തീയതി ബഹു: പെരുമ്പാവൂർ JFCM-IV കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു.<br><br>ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഇ-മെയിൽ പരാതി പോലീസ് മേധാവിയ്ക്ക് കൈമാറുകയുണ്ടായി . തുടർന്ന് പോലീസ് മേധാവി ഡി.ഐ.ജി മുഖേന നടത്തിയ പരിശോധനയിൽ കേസ് അന്വേഷണത്തിൽ അപാകതകൾ കണ്ടെത്തുകയുണ്ടായി. തുടർന്ന് കേസിന്മേൽ തുടരന്വേഷണം നടത്തുന്നതിന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി 23.01.2023 ൽ എറണാകുളം റൂറൽ സി - ബ്രാഞ്ച് ഡി.വൈ.എസ്.പിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ബഹു. കോടതിയ്ക്ക് റിപ്പോർട്ട് നൽകി 24.01.2023 തീയതി മുതൽ പ്രസ്തുത കേസിന്റെ അന്വേഷണം എറണാകുളം റൂറൽ സി - ബ്രാഞ്ച് ഡി.വൈ. എസ്.പി ഏറ്റെടുത്ത് നടത്തി വരുന്നതുമാണ്. |
| (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിരുന്നോ; പ്രസ്തുത പരാതി എന്നാണ് ലഭിച്ചതെന്നും, അതിൻമേൽ പോലീസ് സ്വീകരിച്ച നടപടികൾ മുഖ്യമന്ത്രിയോ ആഭ്യന്തര വകുപ്പോ പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; ആയതിന്മേലുള്ള പോലീസ് റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും; കേസ് | (സി) | പ്രസ്തുത സംഭവത്തിന് അയ്യംപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 322/2022 U/s 119(b) of KP Act കേസിൽ GASI ബൈജു കുട്ടൻ |

| | | | |
|---|---|---|---|
| | രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ചുമത്തിയ വകുപ്പുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | | അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും നിലവിൽ കേസിന്റെ പുനരന്വേഷണം എറണാകുളം റൂറൽ സി - ബ്രാഞ്ച് ഡി.വൈ.എസ്.പി നടത്തി വരുന്നതുമാണ്. |
| (ഡി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഡിജിറ്റൽ തെളിവ് ശേഖരിക്കുന്നതിന് പ്രതിയുടെ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ളവ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) | ഉണ്ട്. പ്രതിയുടെ മൊബൈൽ ഫോൺ 26.09.2022 തീയതി സീഷർ മഹസ്സർ പ്രകാരം ബന്തവസ്സിലെടുത്ത് 151-A Form ൽ ചേർത്ത് ബഹു. പെരുമ്പാവൂർ JFCM-IV കോടതിയ്ക്ക് അയച്ചിട്ടുള്ളതും കൂടുതൽ തെളിവുകൾ ലഭിക്കുന്നതിനായി പ്രതിയുടെ മൊബൈൽ ഫോൺ എറണാകുളം റീജിയണൽ ഫോറൻസിക്ക് സയൻസ് ലബോറട്ടറി ജോയിന്റ് ഡയറക്ടർക്ക് അയക്കുന്നതിന് Forwarding Note തയ്യാറാക്കി ബഹു. പെരുമ്പാവൂർ JFCM-IV കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കേസിൽ പരാതി ലഭിച്ച് എത്ര ദിവസത്തിന് ശേഷമാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; കേസ് രജിസ്റ്റർ ചെയ്യുന്നതിനും ആവശ്യമായ വകുപ്പുകൾ ചുമത്തുന്നതിനും ഉണ്ടായ വീഴ്ച പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | 11.09.2022 തീയതിയാണ് അയ്യംപുഴ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുള്ളത്. 18.09.2022 ആണ് കേസ് രജിസ്റ്റർ ചെയ്തത്. |
| (എഫ്) | പ്രസ്തുത കേസിൽ ബഹു. സുപ്രീം കോടതിയുടെ ലളിതകുമാരി Vs കർണ്ണാടക കേസിലെ വിധിയിലെ വ്യവസ്ഥകൾ പ്രകാരം പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എഫ്) | ബഹു. സുപ്രീം കോടതിയുടെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. പ്രതിക്ക് 41 (A) Cr.PC പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ജി) | സ്ത്രീകളുടെ മാനത്തിനും അന്തസ്സിനും കളങ്കം വരുത്താൻ ശ്രമിച്ചവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ജി) | ഈ കേസിന്റെ അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ അന്വേഷണ ഉദ്യോഗസ്ഥനായ GASI ബൈജുകുട്ടനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ